**D 51353** (Pages : 3) Name.................................

Reg. No.................................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2018

(CUCBCSS–UG)

Core Course

## MAL 3B 03—മലയാള കവിത—ഉത്തര ഘട്ടം

## (MALAYALA KAVITHA—UTHARA KHATTOM)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'മിഥ്യാപുരാണം' എന്നു വിശേഷിപ്പിക്കുന്നതെന്തിനെയാണ് ?

2 'നഗരത്തെ കക്കാട് ' എന്തിനോടാണ് രൂപണം ചെയ്തിരിക്കുന്നത് ?

3 'മറ്റൊരു വണ്ടിക്കാള' എന്നു കവി വിശേഷിപ്പിക്കുന്നതാരെ ?

4 ആരെ സ്മരിച്ചപ്പോഴാണ് ഉർവശിക്കു നൃത്തച്ചുവട് പിഴച്ചത് ?

5 അവസരോചിതൻ മിനിസ്റ്റർക്കു നൽകിയ വിളിപ്പേരെന്ത് ?

6 'ബംഗാൾ' എന്ന കവിതയുടെ കർത്താവാര് ?

7 "ഇല്ല വീട്, എങ്ങെങ്ങുമേ വീട് "—എപ്പോൾ ?

8 'ചിദംബര സ്മരണ' എഴുതിയതാര് ?

9 പദ്യസാഹിത്യ ചരിത്രത്തിൻെറ കർത്താവ് ?

10 'സ്മാരകം' ആരുടെ കവിതയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 'ദിവ്യദുഃഖത്തിൻെറ നിഴലിൽ' എന്ന കവിതയിൽ കവിയുടെ ആത്മാവിനെ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

12 "നിൻെറ ജീവിതം നിൻ കാര്യം മാത്രം"—വിവക്ഷിതമെന്ത് ?

13 'മണ്ണിലെ മർത്ത്യസത്യം'—എന്താണ് ?

14 വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്നതായി കവി കാണുന്നതെന്തെല്ലാം ?

15 "ഒരു കവിൾ മോന്തണ, മതിനല്ലോ വന്നേൻ"—എന്തിന് ?

(5 × 2 = 10 marks)

Turn over

III. നൂറമ്പത് വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 എങ്കിലുമിരുളിൻ പടവുകളുടെ-

യിറങ്ങി വരുമ്പോഴുതോർപ്പേനുണ്ടാ-

മങ്ങൊരു ചിരിതൻ തിരിയും കണ്ണീർ-

മണിയും

—സ്വാരസ്യം വ്യക്തമാക്കുക.

17 "ദുർവ്വിധി കുടിച്ചെന്നും

മിഴിനീർ വറ്റിയ്ക്കയാൽ

നിർവികാരങ്ങളാണാ-

ക്കണ്ണുകൾ നിർജ്ജീവങ്ങൾ

—ആശയം വിശദമാക്കുക.

18 "കല്പാന്തമിങ്ങനെ

കഴിഞ്ഞാൽ പുരാണ കഥ

പൊട്ടിത്തളിർത്തു തണലേകാം"

—വിവക്ഷിതമെന്ത് ?

19 "വെട്ടേറ്റു വാടുന്ന നീതിയുടെ വൃക്ഷമേ

ഒരിലയിൽ ഒരു വരിയെങ്കിലുമെഴുതി

കാറ്റിൽ താഴെയിടൂ"

—സന്ദർഭം വിശദീകരിക്കുക.

20 "പൊൻകോലം കേറ്റുവാൻ കുമ്പി-

ട്ടീലല്ലോ നിൻെറ മസ്തകം

ഇരുമ്പു കൂച്ചാൽ ബന്ധിത-

പ്പെട്ടീലല്ലോ പാദങ്ങളും"

—ആശയം വിശദീകരിക്കുക.

21 'പരസ്വഹാരി'യുടെ അവസ്ഥയെ വ്യഞ്ജിപ്പിക്കാൻ കവി ഉപയോഗിച്ച ബിംബങ്ങളുടെ ഔചിത്യം വിശദമാക്കുക.

22 'പെണ്ണുങ്ങൾ കാണാത്ത പാതിരാമനങ്ങൾ' എങ്ങനെയുള്ളതാണ് ?

(5 × 5 = 25 marks)

IV. ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മുന്നൂറു വാക്കിൽ കവിയരുത്. 10 മാർക്കു വീതം :

23 നഗരസംഘർഷത്തെ കവിതയിലൂടെ വെളിപ്പെടുത്തുന്നതിൽ വിജയിച്ച കവിയാണ് എൻ.എൻ. കക്കാട് 'പാതാളത്തിൻെറ മുഴക്ക'ത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

24 മാനവികതാബോധം അടിസ്ഥാന പ്രമേയമായി സ്വീകരിച്ച കവിതയാണ് പി. ഭാസ്കരൻെറ 'കാളകൾ' —പരിശോധിക്കുക.

25 ദാർശനികമായ മാനം ഉള്ള കവിതയാണ് 'ആയിരം നാവുള്ള മൗനം'—നിരൂപിക്കുക.

26 സമകാലിക ജീവിത പരിസരത്തോട് ചേർത്തുവായിക്കാവുന്ന കവിതയാണ് കടമ്മനിട്ടയുടെ 'കോഴി' —വിശദമാക്കുക.

27 സൂക്ഷ്മമായ സാമൂഹ്യവിമർശനം നിർവ്വഹിക്കാൻ വിമർശഹാസ്യത്തെ ഉപയോഗപ്പെടുത്തുന്ന കവിയാണ് ചെമ്മനം ചാക്കോ—അവസരോചിതൻ എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.

28 ആധുനികാനന്തര കവിതകളുടെ സവിശേഷതകൾ പാസഞ്ചർ, സ്മാരകം എന്നീ കവിതകളെ അടിസ്ഥാനമാക്കി വിശദമാക്കുക.

(4 × 10 = 40 marks)